പുറത്തെഴുത്ത് നമ്പർ ഡി3/943/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം, തീയതി :12/09/2018

സർക്കാർ ഉത്തരവ്(സാധാ)3447/2018/പൊ.വി.വ, തീയതി 11.09.2018 ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശത്തോടു കൂടി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരുടേയും അറിവിലേക്കും അനന്തര നടപടികൾക്കുമായി ഉള്ളടക്കം ചെയ്യുന്നു.

1. സ്ഥലംമാറ്റം ഉത്തരവിൽ ഉൾപ്പെട്ട കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടർ ശ്രീ.കെ.അരവിന്ദാക്ഷൻ കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ.സി.കെ.രാജിന് ചുമതല കൈമാറി പുതിയ ലാവണത്തിൽ പ്രവേശിക്കേണ്ടതാണ്.

2. സ്ഥാനക്കയറ്റം ലഭിച്ച ശ്രീ.പി.കെ.ഹരിദാസ്, വൈക്കം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സീനിയർ സൂപ്രണ്ടായ ശ്രീ.ജയശങ്കറിന് ചുമതല കൈമാറി പുതിയ ലാവണത്തിൽ പ്രവേശിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്
2. അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. എക്സിക്യൂട്ടീവ് ഡയറക്ടർ കൈറ്റ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ എസ്.എസ്.എ, തിരുവനന്തപുരം (ഉചിതമായ ചാർജ്ജ് ക്രമീകരണം നടത്തുന്നതിലേയ്ക്കായി)

കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പൊതുവിദ്യാഭ്യാസ വകുപ്പിലെ വിദ്യാഭ്യാസ ഉപഡയറക്ടർ/ ജില്ലാവിദ്യാഭ്യാസ ഓഫീസർ- സ്ഥലംമാറ്റം/സ്ഥാനക്കയറ്റം നൽകി നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

## പൊതുവിദ്യാഭ്യാസ (സി) വകുപ്പ്

**സ.ഉ.(സാധാ) 3447/2018/പൊ.വി.** തീയതി, തിരുവനന്തപുരം 11.09.2018

=====================================================================

പരാമർശം:- 1) സ.ഉ.(പി) നം.6/2018/പൊ.വി.വ. തീയതി 13.03.2018

2) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13.08.2018-ലെ ഡി3/943/2018/ഡിപിഐ നമ്പർ കത്ത്.

3) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 06.09.2018-ലെ ഡി3/943/2018/ഡിപിഐ നമ്പർ കത്ത്.

## ഉ ത്ത ര വ്

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (3)ലെ ശുപാർശയിൻപ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ വിദ്യാഭ്യാസ ഉപഡയറക്ടർ കേഡറിൽ കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടറായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ.എ.കെ.അരവിന്ദാക്ഷനെ തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറായി സ്ഥലംമാറ്റം നൽകി നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (2)ലെ ശുപാർശയിൻപ്രകാരം പരാമർശം (1)പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും ഇപ്പോൾ വൈക്കം ജി.ജി. എച്ച്.എസ്.എസിലെ പ്രധാനാധ്യാപകനുമായ ശ്രീ.പി.കെ.ഹരിദാസിനെ ഡി.ഇ.ഒ. കേഡറിൽ 42500 - 87000 രൂപ ശമ്പള നിരക്കിൽ സ്ഥാനകയറ്റം നൽകി റഗുലർ വ്യവസ്ഥയിൽ നിയമനം നൽകി ഉത്തരവാകുന്നു.

3. ശ്രീ.പി.കെ.ഹരിദാസിന് സ്ഥാനകയറ്റം നൽകുമ്പോൾ ടിയാളെ ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയി നിലവിലുള്ള ഒഴിവിൽ നിയമിച്ചും ഉത്തരവാകുന്നു.

*(ഗവർണറുടെ ഉത്തരവിൻ പ്രകാരം)*

**അജി ഫിലിപ്പ്**
ഗവ.ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (GEDN/സി3/187/2018/പൊ.വി.വ.)

ഉത്തരവിൻപ്രകാരം

**സെക്ഷൻ ഓഫീസർ**

പകർപ്പ് - വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസിന്